# ഇന്ത്യാ - പോര്ച്ചുഗല് സാമൂഹ്യ സുരക്ഷാ കരാര്

ഫെബ്രുവരി
17, 2017

ഇന്ത്യയും - പോര്ച്ചുഗലും തമ്മില് ഒരു സാമൂഹ്യ സുരക്ഷാ കരാര് 04 മാര്ച്ച് 2013 ല് ന്യൂഡെൽഹിയില് ഒപ്പുവച്ചിരുന്നു. ആവശ്യമുള്ള നിയമ, ഭരണഘടനാ നടപടിക്രമങ്ങള് പൂര്ത്തിയായതിന് ശേഷം , എസ്എസ്എ പ്രവര്ത്തിയില് വരുത്തുവാന് തങ്ങള് തയാറാണെന്നുള്ള വിവരം ഫെബ്രുവരി 17, 2017 നു പോര്ച്ചുഗല് ഇന്ത്യയെ അറിയിച്ചു . എസ്എസ്എ അനുബന്ധം 22 അനുസരിച്ചു, അതുമായി ബന്ധപ്പെട്ട കക്ഷികള് അതിനു ആവശ്യമുള്ളതായ ആഭ്യന്തര നടപടിക്രമങ്ങള് പൂര്ത്തിയാക്കിയെന്ന അറിയിപ്പു കിട്ടിയതിനെ തുടര്ന്നു 90 ദിവസങ്ങൾക്കുള്ളില് എസ്എസ്എ പ്രാബല്യത്തില് വരുന്നതാണ്. അതനുസരിച്ച് ഇന്ത്യയും പോര്ച്ചുഗലും തമ്മിലുള്ള എസ്എസ്എ മെയ് 08,2017 നു ആരംഭിയ്ക്കും

ഉഭയകക്ഷി സാമൂഹ്യ സുരക്ഷാ കരാറുകള് വഴി, വിദേശരാജ്യങ്ങളില് ജോലി ചെയ്യുന്ന പ്രൊഫഷണലുകള്, പരിശീലനം സിദ്ധിച്ച തൊഴിലാളികള് എന്നിവര്ക്ക് ഇരട്ട സാമൂഹ്യ സുരക്ഷാ സംഭവനകള് നൽകുന്നത് ഒഴിവാക്കുവാന് സാധിയ്ക്കും ; എളുപ്പത്തില് ആനുകൂല്യങ്ങൾക്കുള്ള പണം അയക്കല് (കയറ്റി അയക്കുന്നത് ) ; ആനുകൂല്യങ്ങള് ( മൊത്തമുള്ള ) നഷ്ടപ്പെടുന്നത് തടയുന്നതിന് സംഭാവന കാലയളവ് ( ഇരു രാജ്യങ്ങളിലേയും ) സമാഹരിക്കുവാനും സഹായിക്കും

പോര്ച്ചുഗലുമായുള്ള എസ്എസ്എ വഴി അവിടെ ജോലി ചെയ്യുന്ന ഇന്ത്യന് പൌരൻമാര്ക്ക് താഴെ പറയുന്ന ആനുകൂല്യങ്ങള് ലഭിക്കും :

ഹ്രസ്വകാല കരാറില്, അതായത് അഞ്ച് വര്ഷത്തേക്ക് പോകുന്നവര്ക്ക് പോര്ച്ചുഗീസ് നിയമത്തിന് കീഴില് അടക്കേണ്ടതായ സാമൂഹ്യ സുരക്ഷാ സംഭാവന അടക്കേണ്ടതില്ല , അവര് ഇന്ത്യയില് സാമൂഹ്യ സുരക്ഷാ സംഭാവന അടക്കുന്നത് തുടരുകയാണെങ്കില് . ഒരു ഇന്ത്യന് കമ്പനി അവരുടെ തൊഴിലാളികളെ റിപ്പബ്ലിക് ഓഫ് പോര്ച്ചുഗലിലേക്ക് മൂന്നാമതൊരു രാജ്യത്തു നിന്നും അയക്കുകയാണെങ്കിലും ഇതേ ആനുകൂല്യം , ലഭ്യമാണ്

പോർച്ചുഗലിലെ തങ്ങളുടെ സേവനം പൂർത്തിയായതിന് ശേഷം , അവര് ഇന്ത്യയിലേക്ക് തിരികെ പോരുകയാണെങ്കില് അവരുടെ സാമൂഹ്യ സുരക്ഷാ  ആനുകൂല്യം അവിടെനിന്നും കയറ്റി അയക്കുവാന് ഇന്ത്യന് തൊഴിലാളികൾക്ക് അർഹതയുണ്ടായിരിക്കും . പോർച്ചുഗലില് സ്വയം തൊഴില് ചെയ്യുന്ന ഇന്ത്യക്കാർക്കും അവര് ഇന്ത്യയിലേക്ക് മടങ്ങിയ ശേഷം അവരുടെ  സാമൂഹ്യ സുരക്ഷാ  ആനുകൂല്യം അവിടെനിന്നും കയറ്റി അയക്കുവാന്  അര്ഹത ഉണ്ടായിരിക്കും സാമൂഹ്യ സുരക്ഷാ ആനുകൂല്യങ്ങൾക്കുള്ള യോഗ്യത നിശ്ചയിക്കുവാന് കരാറില് ഏർപ്പെടുന്ന ഒരു രാജ്യത്തു നടത്തുന്ന സംഭാവനയുടെ കാലയളവ്  രണ്ടാമത്തെ കരാര് രാജ്യത്തു നൽകുന്ന സംഭാവന കാലയളവിലേക്കു  കൂട്ടിച്ചേർക്കും

ഇന്നത്തെ തീയതിയില് ,  17 രാജ്യങ്ങളുമായിട്ടാണ് ഇന്ത്യ സാമൂഹ്യ സുരക്ഷാ കരാറുകള് ഒപ്പ് വച്ച് '' സമഗ്ര '' പ്രവർത്തനത്തില് ഏർപ്പെട്ടിരിക്കുന്നത് -ആസ്ട്രേലിയ, ആസ്ട്രിയ, ബെൽജിയം, കാനഡ, ചെക് റിപ്പബ്ലിക്, ഡെൻമാർക്ക്, ഫിൻലാൻഡ്, ഫ്രാൻസ്, ഹംഗറി, ജപ്പാന്, ലക്സംബർഗ്, നെതെർലാൻഡ്സ്, നോർവെ, പോര്ച്ചുഗല് , സ്വീഡന്, സ്വിറ്റ്സർലണ്ട്, സൌത്ത് കൊറിയ. ഇന്ത്യക്ക് ജർമനിയുമായും എസ്എസ്എ ഉണ്ട്, അത് പ്രവർത്തനം ആരംഭിക്കുവാനുള്ള പ്രക്രിയയിലാണ്

ഇന്ത്യയും പോർച്ചുഗലും തമ്മിലുള്ള സമഗ്രമായ എസ്എസ്എ മെയ് 8, 2017, പ്രവർത്തനക്ഷമമാകുമ്പോള് ഇരു രാജ്യങ്ങളിലും വിദേശ പ്രവരത്തനങ്ങള്  ചെയ്യുന്ന ഇന്ത്യയിലെയും  പോർച്ചുഗലിലെയും കമ്പനികൾക്ക് വിദേശത്തു വ്യാപാർത്തിനുള്ള അവരുടെ ചെലവുകള് ചുരുക്കുവാനും ലാഭകരവും മത്സരസ്വഭാവവുമുള്ള സ്ഥാനത്ത് അനുകൂലമായ സ്ഥാനങ്ങള് നേടാന് സഹായകമാകും . ഇരു രാജ്യങ്ങൾക്കുമിടയിലെ നിക്ഷപ ഒഴുക്ക് വർദ്ധിപ്പിക്കുവാനും എസ്എസ്എ സഹായകമാകും .

ന്യൂഡെൽഹി
ഫെബ്രുവരി  17, 2017